വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കേന്ദ്രസർക്കാർ അംഗീകരിച്ച വൃദ്ധനയം സംസ്ഥാനത്തും നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. എന്നാൽ ഒരു പ്രത്യേക നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് പഠിച്ച് പോരായ്മകൾ ദൂരീകരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി ഐ.എം.ജി.യെ ചുമതലപ്പെടുത്തിയിരുന്നു. 22-12-99 ൽ സമർപ്പിച്ച കരട് റിപ്പോർട്ട് പരിശോധനയിലായതിനാൽ കോപ്പി ലഭ്യമാക്കാൻ നിർവ്വാഹമില്ല.

(സി) ഉണ്ട്. വൃദ്ധജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, അവരുടെ ആരോഗ്യപ്രശ്നങ്ങൾ, കുടുംബ ബന്ധങ്ങൾ ശക്തമാക്കുന്നതിന് ആവശ്യമായ നടപടികൾ എന്നിവയെ സംബന്ധിച്ചും മറ്റും അഭിപ്രായങ്ങൾ ദേശീയ വൃദ്ധജനനയരൂപീകരണത്തിന് നൽകിയിട്ടുണ്ട്.

സെറിഫെഡ് പദ്ധതി

22 (*292)ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൾബറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ഏക്കറിൽ മൾബറിക്കൃഷി നടത്തിയിരുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ഏക്കറിൽ മൾബറിക്കൃഷി നടത്തുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ മൾബറി കൃഷിയിലേർപ്പെട്ടിരിക്കുന്ന കർഷകർ എത്ര എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) സംസ്ഥാനത്തെ മൾബറി കൃഷിക്കാരെ പട്ടുനൂൽപ്പുഴു വളർത്തുന്നതിനും, കൊക്കൂൺ ഉൽപ്പാദിപ്പിക്കുന്നതിനും പ്രാപ്തരാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിനായി സെറിഫെഡിലൂടെ എന്തൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും എന്തൊക്കെ ആനുകൂല്യങ്ങൾ കർഷകർക്ക് നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്ത് പ്രൈമറി സെറികൾച്ചർ സൊസൈറ്റികൾ നിലവിലുണ്ടോ എന്ന് വിശദമാക്കുമോ; എങ്കിൽ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) പ്രൈമറി സെറികൾച്ചർ സൊസൈറ്റികൾക്ക് സെറിഫെഡിൽ അഫിലിയേഷൻ നൽകിയിട്ടുണ്ടോ;

(ഐ) ഒൻപതാം പദ്ധതിയുടെ അവസാനത്തോടെ മൾബറിക്കൃഷി കൊക്കൂൺ, പട്ടുനൂൽ, പട്ടുവസ്ത്രം എന്നിവയുടെ ഉൽപ്പാദനത്തിൽ എന്തു പുരോഗതി കൈവരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി സുശീലാ ഗോപാലൻ</u>) :

(എ) ഉണ്ട്. മൾബറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്കു വേണ്ട സാങ്കേതിക സഹായവും, സാമ്പത്തിക സഹായവും ലഭ്യമാക്കുന്നതി ലേയ്ക്ക് താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കി വരുന്നു.

(1) നല്ലയിനം മൾബറി വിത്തുകൾ കർഷകർക്ക് സൗജന്യമായി നൽകുന്നു;

(2) ഏക്കർ ഒന്നിന് 2500/- രൂപ നടീൽ സബ്സിഡി നൽകുന്നു.

(3) മൾബറിക്കൃഷിയ്ക്ക് ജലസേചനം ഏർപ്പെടുത്തുന്നതിനായി ഏക്കറിന് 9800/- രൂപ മുതൽ 16000/- രൂപ വരെ ഭൂമിയുടെ സ്വഭാവം അനുസ രിച്ച് ധനസഹായം നൽകുന്നു.

(4) മാതൃകാ തോട്ടത്തിന് 5000/- രൂപ ധനസഹായം നൽകുന്നു.

(5) പട്ടുനൂൽപ്പുഴു വളർത്തലിന് ആവശ്യമായ പുഴു വളർത്തൽ ഉപ കരണങ്ങൾക്കായി പരമാവധി 4000/- രൂപ സബ്സിഡി നൽകുന്നു.

(6) പുഴുവളർത്തുപുര നിർമ്മാണത്തിന് പരമാവധി 7500/- രൂപ ധനസഹായം നൽകുന്നു.

(7) ഗുണമേൻമയുള്ള ബൈമോൾട്ടൻ പുഴു വളർത്തുന്നതിന് സമ്പൂർണ്ണ സൗജന്യ ഇൻഷ്വറൻസ് പദ്ധതി.

(8) കർഷകർ ഉല്പാദിപ്പിക്കുന്ന കൊക്കൂണിന് താങ്ങുവിലയും പ്രൊഡക്ഷൻ ഇൻസെന്റീവും നൽകുന്നു.

(9) കർഷകർക്ക് മൾബറിക്കൃഷിയിലും, പട്ടുനൂൽ പുഴു വളർത്തു ന്നതിലേയ്ക്കും ആവശ്യമായ സാങ്കേതിക പരിശീലനം; കൂടാതെ

(10) മൾബറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഏറ്റവും നല്ല തെര ഞ്ഞെടുത്ത കർഷകന് സംസ്ഥാനതലത്തിലും ജില്ലാതലത്തിനും കാഷ് അവാർഡും അംഗീകാരവും നൽകിവരുന്നു.

(ബി) ഉണ്ട്. 686 ഏക്കറിൽ മൾബറികൃഷി ഉണ്ടായിരുന്നു.

(സി) സംസ്ഥാനത്ത് ഇപ്പോൾ 6529 ഏക്കറിൽ (ഡിസംബർ 99 വരെ) മൾബറി കൃഷി ചെയ്യുന്നുണ്ട്.

(ഡി) ഉണ്ട്. 9615 കർഷകർ മൾബറി കൃഷിയിൽ ഏർപ്പെട്ടിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഇതിനായി സെറിഫെഡിലൂടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും നൽകിവരുന്ന ആനുകൂല്യങ്ങളും വിശദമായി ചോദ്യം 'എ' യുടെ ഉത്തരത്തിൽ നൽകിയിട്ടുണ്ട്.

(ജി)&(എച്ച്)സെറിഫെഡ് നിലവിൽ വരുന്നതിന് മുമ്പ് ഖാദിഗ്രാമവ്യവ സായത്തിന്റെ കീഴിൽ 546 പ്രൈമറി സെറികൾച്ചർ സഹകരണ സംഘങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു. ഇവയിൽ 152 പഞ്ചായത്തുതല സംഘവും, സെറിഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.

(ഐ) സെൻട്രൽ സിൽക്ക് ബോർഡ് തയ്യാറാക്കിയ ഒരു പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഒൻപതാം പദ്ധതിയുടെ അവസാനത്തോടെ മൾബറികൃഷി, കൊക്കൂൺ ഉൽപ്പാദനം, പട്ടുനൂൽ ഉൽപ്പാദനം എന്നിവയിൽ താഴെപ്പറയുന്നവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

മൾബറി കൃഷി - 125000 ഏക്കർ

പട്ടുനൂൽപ്പുഴു മുട്ടവിതരണം - 50 ലക്ഷം

കൊക്കൂൺ ഉൽപാദനം - 2200 ടൺ

അസംസ്കൃത പട്ടുനൂൽ ഉൽപ്പാദനം - 203 ടൺ

ഇതിന്റെ അടിസ്ഥാനത്തിൽ നടപടികൾ എടുത്തു തുടങ്ങിയെങ്കിലും പ്രായോഗികതലത്തിൽ കർഷകരുടെ അനുഭവത്തിന്റെ വിശകലനത്തിൽ നിലവിൽ സ്വീകരിച്ച നടപടികളുടെ ഇടക്കാല അവലോകനം സെൻട്രൽ സിൽക്ക് ബോർഡ് നടത്തുന്നതിനും പദ്ധതി ലക്ഷ്യങ്ങൾ ശാസ്ത്രീയമായി പുനർക്രമീകരിച്ചു നടപ്പാക്കുന്നതിനും നടപടികൾ എടുത്തിട്ടുണ്ട്.

വ്യവസായവികസനത്തിന് മാസ്റ്റർപ്ലാൻ

23 (*293)ശ്രീ. എം.എ. തോമസ് :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യവസായ വികസനത്തിനു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് ഇതിനായി ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വ്യാവസായികവികസനത്തിന് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾ സംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ഡി) അടിസ്ഥാന സൗകര്യവികസനങ്ങൾക്കുവേണ്ടി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(ഇ) അടിസ്ഥാന സൗകര്യവികസനത്തിനു സഹകാര്യമേഖലയെക്കൂടി പങ്കാളികളാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ;

(എഫ്) വ്യവസായമേഖലയിൽ കേരളത്തിന്റെ പ്രതിച്ഛായ ദേശീയ അന്തർദേശീയ രംഗങ്ങളിൽ മെച്ചപ്പെടുത്തുന്നതിനു സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly